നം. ഇ.എസ്1-71324/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 16/12/2021

# നോട്ടീസ്

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ശ്രീ. ദിലീപ് കുമാർ. കെ. സി, ജെ. എച്ച്. ഐ ഗ്രേഡ്- 1 – 01.01.1997 മുതൽ 31.03.2000 വരെയുള്ള ജെ. എച്ച്. ഐ ഗ്രേഡ് – 2 ന്റെ സീനിയോറിറ്റി പട്ടികയിലെ ഭാഗം -1 ൽ തെറ്റായി ഉൾപ്പെടുത്തിയത് റദ്ദ് ചെയ്യുന്നതും ഭാഗം – 2 ൽ ഉൾപ്പെടുത്തി സ്ഥാനം നൽകുന്നതും - സംബന്ധിച്ച്-

സൂചന : 1. ഉത്തരവ് നമ്പർ. ഇ. എസ്1-14462/2015/ആ.വ.ഡ, തീയതി. 08.11.2018
2. കത്ത് നം. എ2-14800/2021/ജി.മെ.ഒ(ആ), കാസർകോഡ്, തീയതി. 01.10.2021

സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിലെ ഭാഗം -2 ൽ ഉൾപ്പെടുത്തി സ്ഥാനം നൽകണമെന്നാവശ്യപ്പെട്ട് മംഗൽപ്പാടി താലൂക്കാശുപത്രിയിലെ ജെ. എച്ച്. ഐ ഗ്രേഡ് – 1 ശ്രീ. ദിലീപ് കുമാർ. കെ. സി, സൂചന 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടിക വിശദമായി പരിശോധിച്ചപ്പോൾ, ടിയാൻ HIC യോഗ്യത ഉള്ള ജെ. എച്ച്. ഐ ഗ്രേഡ് – 2 തസ്തികയിലെ ജീവനക്കാരുടെ ഭാഗം -1 ലെ പട്ടികയിൽ 262-ാം റാങ്കായി സ്ഥാനം നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ SIC യോഗ്യതയാണ് നേടിയിട്ടുള്ളത്. ആയതിനാൽ ശ്രീ. ദിലീപ് കുമാർ. കെ. സി. യുടെ സ്ഥാനം സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികിയിലെ ഭാഗം – 1 ൽ നിന്നും നീക്കം ചെയ്യാനും ഭാഗം-2 ൽ ശ്രീമതി. ഷീബ. എം (റാങ്ക് നം. 833) നും ശ്രീ. ശേഖരൻ. സി (റാങ്ക് നം. 834) നും മദ്ധ്യേ 833 A എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടിക ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണെങ്കിലും, സ.ഉ(സാ.ധാ)നം. 2797/2018/ആ.കു.വ, തീയതി. 12.09.2018 പ്രകാരമുള്ള ഉത്തരവിന്റെയും 31.05.2022 ൽ ശ്രീ. ദിലീപ് കുമാർ വിരമിക്കുന്നതിനാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലുമാണ് ടി നടപടിക്രമം പാലിച്ചിരിക്കുന്നത്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| SL No | Name | Date of Birth | Date of entry in service | Technical Qualification | Existing Rank No | New Rank No. | Remarks |
|---|---|---|---|---|---|---|---|
| 1 | K.C. Dileep Kumar | 07.05.1966 | 01.04.2000 | SIC | Part -1 262 | Part- II 833 A | In between Sheeba. N (Rank. No. 833) & Sekharan. C (Rank. No. 834) |

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികൾ ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (A&T)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർക്കും (ആരോഗ്യം)
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്